Mathrubhoomi 08/08/24.

# എനർജി മാനേജ്മെന്റ് സെന്റർ ശില്പശാല സംഘടിപ്പിച്ചു

തിരുവനന്തപുരം ▸ ടയർ നിർമാണമേഖലയിൽ ഊർജകാര്യക്ഷമത ഉറപ്പുവരുത്തി കാർബൺ പുറന്തള്ളുന്നത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ടയർ നിർമാതാക്കളെ പങ്കെടുപ്പിച്ച് എനർജി മാനേജ്മെന്റ് സെന്റർ ശില്പശാല സംഘടിപ്പിച്ചു.

യു.കെ., ഇന്ത്യ സർക്കാരുകളും ചേർന്ന് കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് നടപ്പിലാക്കുന്ന 'ആസ്പയർ' പരിപാടിയുടെ ഭാഗമായിട്ടായിരുന്നു ശില്പശാല.

ആസ്പയർ പരിപാടിയുടെ അസോസിയേറ്റ് ഡയറക്ടർ അനുരാഗ് സിങ് സിറോള, സീനിയർ അഡ്വൈസർ കെ.കെ. ചക്രവർത്തി, കേന്ദ്ര ഊർജ മന്ത്രാലയത്തിലെ ചീഫ് എൻജിനീയർ ധീരജ് കുമാർ ശ്രീവാസ്തവ്, ബി.ഇ.ഇ. ഡയറക്ടർ സുനിൽ കെ.കണ്ഡാരെ, യു.കെ. സർക്കാരിന്റെ ഫോറിൻ ആൻഡ് കോമൺവെൽത്ത് ഡിവലപ്മെന്റ് ഓഫീസ് പ്രതിനിധി സന്യുക്ത ദാസ് ഗുപ്ത എന്നിവർ സംസാരിച്ചു.